## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4235** 25.06.2014-ൽ മറുപടിയ്ക്ക്

### ജാതി സംബന്ധിച്ച് നരവംശശാസ്ത്ര സംബന്ധമായ അന്വേഷണത്തിന് ഉത്തരവ്

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണനും മറ്റ് 13 പേർക്കെതിരെയും ജാതി സംബന്ധിച്ച് നരവംശ ശാസ്ത്ര സംബന്ധമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; | (എ) & (ബി) | കോട്ടയം, മാഞ്ഞൂർ സൗത്ത് പി.ഒ, വെള്ളിയരി പറമ്പിൽ ശ്രീമതി.കെ.യു.കുഞ്ഞുമോളുടെ പട്ടിക ജാതി ചേരമർ സമുദായ അവകാശവാദം, സമുദായ സാക്ഷ്യപത്ര നിർണ്ണയത്തിനായുള്ള സൂക്ഷ്മ പരിശോധനാ സമിതിയുടെ 21.06.2011-ലെ 18123/ജി2/2008/പജ.പവ.വി.വ നമ്പർ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ, 06.12.2011-ലെ സ.ഉ.(കൈ)നം.124/2011/പജ.പവ.വി.വ പ്രകാരം നിരസിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതി ക്ഷേമസമിതി സംസ്ഥാന പ്രസിഡന്റ് ശ്രീ.കുട്ടൻ കട്ടച്ചിറ, ബഹു: കേരള ഗവർണർക്ക് സമർപ്പിച്ച പരാതിയിൽ സമുദായ സാക്ഷ്യപത്രത്തിനായി ശ്രീമതി.കെ.യു.കുഞ്ഞുമോൾ കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ഓഫീസർക്ക് 2007-ൽ സമർപ്പിച്ച അപേക്ഷ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ജസ്റ്റിസ്.കെ.ജി.ബാലകൃഷ്ണന്റെ പിതാവ് ശ്രീ.ഗോപിനാഥൻ എന്ന് വിളിക്കുന്ന ജോസഫും മറ്റ് 13 പേരും സമർപ്പിച്ചിരുന്ന അപേക്ഷകൾക്ക് സമാനമാണെന്ന് പ്രസ്താവിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത അന്വേഷണം സംബന്ധിച്ചുള്ള പുരോഗതി വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ